ഉത്തരം

(എ) അരി, ഗോതമ്പ്, പഞ്ചസാര, പാംഓയിൽ എന്നിവ.

(ബി) മാസംതോറും 1,25,000 ടൺ അരിയും 35,000 ടൺ ഗോതമ്പും, 11,227·2 ടൺ പഞ്ചസാരയും ലഭിക്കുന്നു. ഇതിനുപുറമേ കേരളത്തിലെ മില്ലുകളിൽ ഗോതമ്പുൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് 20660 ടൺ ഗോതമ്പും ലഭിക്കുന്നുണ്ട്. ഓരോ മാസത്തെയും ആവശ്യം വിലയിരുത്തി പാംഓയിൽ ലഭിക്കുന്നു. 86 ഫെബ്രുവരി മാസത്തെ അലോട്ടുമെന്റ് 2,000 ടണ്ണാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ലാഭനഷ്ടക്കണക്കുകൾ

196. [271] [ശ്രീ. ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് നടത്തുന്ന ഓണം, ബക്രീദ്, ക്രിസ്തുമസ് ചന്തകൾ ഇവയുടെ ലാഭനഷ്ടക്കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) 1983-84, 1984-85, 1985-86 വർഷങ്ങളിൽ ചന്തകളുടെ ലാഭനഷ്ടക്കണക്കുകൾ വ്യക്തമാക്കാമോ ;

(സി) ഈ ചന്തകളുടെ നടത്തിപ്പിന് സാധനങ്ങൾ വാങ്ങുന്നതിൽ അഴിമതി നടത്തിയതായി ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) ഇതിന്റെ പേരിൽ എത്രപേരെ സസ്പെൻഡ് ചെയ്തു ; എത്ര പേരെ ശിക്ഷിച്ചു ; സസ്പെൻഷൻ റദ്ദാക്കി സർവീസിൽ തിരിച്ചുവന്നവർ എത്ര ;

(ഇ) എത്ര ഉദ്യോഗസ്ഥൻമാരുടെ പേരിൽ കേസുകൾ നിലവിലുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1984-85 വർഷം മുതൽ ഓണം, ബക്രീദ്, ക്രിസ്തുമസ് ചന്തകളുടെ ലാഭ നഷ്ടകണക്കുകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കുന്നുണ്ട്. 1983-84 വർഷത്തിൽ ഓണം, ബക്രീദ്, ക്രിസ്തുമസ് ചന്തകളുടെ ലാഭ നഷ്ടക്കണക്കുകൾ പ്രത്യേകമായി തയ്യാറാക്കിയിട്ടില്ലെങ്കിലും മൂന്നിനുംകൂടി 19,73,000 രൂപയുടെ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്.

1984-85 വർഷത്തിൽ ഓണം, ബക്രീദ് ചന്തകൾ നടത്തിയതിൽ 15,64,226·64 രൂപയും ക്രിസ്തുമസ് ചന്ത നടത്തിയതിൽ 2,33,263·36 രൂപയും നഷ്ടം വന്നിട്ടുണ്ട്.

1985-86 വർഷത്തിൽ ഓണം, ബക്രീദ് ചന്തകൾ നടത്തിയതിൽ 31,30,242·97 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. 1985-86 വർഷത്തിൽ ക്രിസ്തുമസ് ചന്തകളുടെ ലാഭനഷ്ടക്കണക്കുകൾ തയ്യാറാക്കിവരുന്നതേയുള്ളൂ.

(സി) 1985-86 വർഷത്തിൽ ഓണം-ബക്രീദ് ചന്തകളിലേക്ക് പച്ചക്കറി വാങ്ങിയതിൽ അഴിമതി നടന്നതായി ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്.

(ഡി) പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്ന് കണ്ട് ഏഴ് ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ശിക്ഷണ നടപടികൾ പൂർത്തിയായിട്ടില്ല. ആരുടേയും സസ്പെൻഷൻ റദ്ദാക്കി സർവീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടില്ല.

(ഇ) ഏഴ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ അച്ചടക്ക നടപടി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly